പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2188 — 17.06.2014 ലെ മറുപടിയ്ക്ക്

കെ.എസ്. എഫ്. ഇ. യുടെ തിരുവല്ല ബ്രാഞ്ചിൽ നടന്ന ഡോർ കളക്ഷൻ തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ യുടെ തിരുവല്ല ബ്രാഞ്ചിൽ നടന്ന ഡോർ കളക്ഷൻ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ട് ;<br><br>(ബി) നഷ്ടപ്പെട്ട തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) & (ബി) കെ.എസ്.എഫ്.ഇ യുടെ തിരുവല്ല ബ്രാഞ്ചിലെ ഡോർ കളക്ഷൻ തട്ടിപ്പുമായി ബന്ധപ്പെട്ട തുക 73,61,920 രൂപയാണ്. തട്ടിപ്പുനടത്തിയ കളക്ഷൻ ഏജന്റിന്റെയും സഹോദരിയുടെയും പേരിലുള്ള വാഹന യോഗ്യമായ 21 സെന്റ് സ്ഥലവും വീടും കമ്പനിക്ക് രജിസ്റ്റേർഡ് ഈട് നൽകിയിട്ടുള്ളതിനാൽ ഇപ്പോഴത്തെ ഭൂമിയുടെ നടപ്പു വില വെച്ച് കമ്പനിയ്ക്ക് നഷ്ടം സംഭവിക്കാനുള്ള സാധ്യത കുറവാണ്. |
| (സി) ഇതന്വേഷിച്ച സബ് കമ്മറ്റി ഇതിന് ഉത്തരവാദിയായി കണ്ടെത്തിയ അന്നത്തെ ജനറൽ മാനേജർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ? | (സി) ഇതന്വേഷിച്ച ബോർഡിന്റെ സബ് കമ്മിറ്റി അന്നത്തെ ജനറൽ മാനേജരെ ഇതിന്റെ ഉത്തരവാദിയായി കണ്ടെത്തി റിപ്പോർട്ട് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.